പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 726 30/06/2011-ൽ മറുപടിക്ക്

## സർക്കാർ എയ്ഡഡ് സ്കൂളുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബാബു എം. പാലിശ്ശേരി: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലകളിൽ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്: | എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 4501 സ്കൂളുകളും എയ്ഡഡ് മേഖലയിൽ 7278 സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഇത്രയും സ്കൂളുകളിൽ എത്ര കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ഉണ്ട്: | ബി) | 43,000,00 (നാല്പത്തിമൂന്ന് ലക്ഷം) കുട്ടികൾക്ക് സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ പഠന സൗകര്യം ലഭ്യമാണ്. |
| സി) | 2011 – 12 വർഷത്തിൽ എത്ര കുട്ടികളാണ് 1-ാം ക്ലാസ്സിൽ അഡ്മിഷൻ തേടിയത് : | സി) | 2011-12 വർഷത്തിൽ 1-ാം ക്ലാസ്സിൽ 3,22,588 കുട്ടികൾ അഡ്മിഷൻ നേടി. |
| ഡി) | പൊതു വിദ്യാഭ്യാസ മേഖലയിലേക്ക് കുട്ടികളെ ആകർഷിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | ഡി) | പൊതു വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കുട്ടികളെ ആകർഷിക്കുവാനായി പ്രവേശനോത്സവം, സൗജന്യ പാഠപുസ്തക വിതരണം, വിവിധ സ്കോളർഷിപ്പുകൾ, ഐ.ടി. പരിശീലനം, കലാകായിക പരിപാടികൾ, പ്രത്യേക ഇംഗ്ലീഷ് പരിശീലനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ, എസ്.എസ്.എ., ആർ.എം.എസ്.എ. തുടങ്ങിയ പരിപാടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പെൺകുട്ടികൾക്കും, പിന്നോക്ക വിഭാഗത്തിനും ഐ.ഇ.ഡി കുട്ടികൾക്കും പ്രത്യേക പരിഗണന നൽകി വരുന്നു. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി ആകർഷകമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ